# NATIONAL BULLETIN

DATE: 07.12.2025

## പ്രധാന വാർത്തകൾ

TIME : 07.25 AM

1. ഉയർന്ന വളർച്ച നിരക്ക്, കുറഞ്ഞ പണപ്പെരുപ്പം എന്നിവയിൽ ഇന്ത്യ ലോകത്തിനു തന്നെ മാതൃകയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi says India is a model for the world in terms of high growth rate and low inflation.**

2. വിമാന സർവ്വീസുകൾ മുടങ്ങിയതിൽ ഇൻഡിഗോയോട് വിശദീകരണം തേടി സിവിൽ വ്യോമയാന ഡയറക്ടറേറ്റ്.

   **Directorate of Civil Aviation seeks explanation from IndiGo for suspension of flight services.**

3. കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിൻറെ ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന ഏഴു ജില്ലകളിൽ പരസ്യ പ്രചാരണം ഇന്ന് വൈകിട്ട് അവസാനിക്കും.

   **Campaigning in seven districts where voting is being held in the first phase of local body elections in Kerala will end this evening.**

4. ഗോവയിലെ അർപോറയിലെ ക്ലബ്ബിലുണ്ടായ തീപിടുത്തത്തിൽ 23 പേർ മരിച്ചു.

   **23 people died in a fire at a club in Arpora, Goa.**

5. രാഷ്ട്രത്തിന് വേണ്ടി ജീവൻ ത്യജിച്ച ധീരസൈനികരോടുള്ള ആദരസൂചകമായി ഇന്ന് സായുധ സേന പതാക ദിനം.

   **Today is Armed Forces Flag Day as a mark of respect to the brave soldiers who sacrificed their lives for the nation.**

6. അതിർത്തി കടന്നുള്ളത് ഉൾപ്പെടെ എല്ലാ ഭീകര പ്രവർത്തനങ്ങളെയും ശക്തമായി അപലപിച്ച് ഇന്ത്യയും അമേരിക്കയും.

India and the United States strongly condemn all acts of terrorism, including those that crossed the border.

7. ഇന്ത്യ-ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്.

India beat South Africa in third and final ODI in Visakhapatnam; Clinch the series 2-1.

## VICE PRESIDENT-GURUGARM

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഇന്ന് ഹരിയാനയിലെ ഗുരുഗ്രാമിൽ ബ്രഹ്മകുമാരിമാരുടെ ഓം ശാന്തി റിട്രീറ്റ് സെന്റർ രജത ജൂബിലി വർഷത്തിന്റെ ഉദ്ഘാടന ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കും. റിട്രീറ്റ് സെന്ററിന്റെ 24-ാമത് വാർഷിക ദിനാഘോഷങ്ങൾ ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്യും. സെന്ററിന്റെ 25 വർഷത്തെ ആത്മീയ സേവനം, ധ്യാന പരിശീലനം, മൂല്യാധിഷ്ഠിത സംരംഭങ്ങൾ എന്നിവയുടെ ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികൾക്ക് തുടക്കം കുറിക്കും.

**************************

## MODI - GDP (INTRO)

ഉയർന്ന വളർച്ച നിരക്ക്, കുറഞ്ഞ പണപ്പെരുപ്പം എന്നിവയിൽ ഇന്ത്യ ലോകത്തിനു തന്നെ മാതൃകയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. നടപ്പ് സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ സ്വന്തമാക്കിയ എട്ടു ശതമാനം GDP വളർച്ച, രാജ്യത്തിൻറെ പുരോഗതിയുടെ തെളിവെന്നും അദ്ദേഹം ന്യൂ ഡൽഹിയിൽ അഭിപ്രായപ്പെട്ടു.

(ഹോൾഡ് വോയിസ് )

**************************

## INDIGO-SHOW-CAUSE NOTICE

യാത്രക്കാർക്ക് ദുരിതം സൃഷ്ടിച്ച വിമാന സർവീസ് തടസ്സങ്ങൾക്ക് വിശദീകരണം തേടി ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ ഇൻഡിഗോക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി. അംഗീകൃത ഫ്ളൈറ്റ് ഡ്യൂട്ടി സമയപരിധി മാനദണ്ഡങ്ങൾ പ്രകാരം മതിയായ ക്രമീകരണങ്ങൾ ചെയ്യുന്നതിൽ എയർലൈൻ പരാജയപ്പെട്ടതാണ് പ്രശ്നങ്ങൾക്ക് കാരണമെന്ന് നോട്ടീസിൽ പറഞ്ഞു. കർശനമായ നിരക്ക് പരിധികൾ ഏർപ്പെടുത്തുകയും, ഉടനടി റീഫണ്ട് നിർദ്ദേശിക്കുകയും ചെയ്തു. എയർലൈനിന്റെ പ്രവർത്തനം തകരാറിലായത് തുടർച്ചയായ അഞ്ചാം ദിവസവും യാത്രക്കാരെ വലച്ച സാഹചര്യത്തിലാണ് നടപടി. ഇന്നലെ മാത്രം എണ്ണൂറിലധികം ഫ്ളൈറ്റുകളാണ് ഇൻഡിഗോ റദ്ദാക്കിയത്.

**************************

## RAILWAYS SPECIAL TRAINS

വിവിധ മേഖലകളിലായി അടുത്ത മൂന്ന് ദിവസത്തേക്ക് 89 പ്രത്യേക ട്രെയിൻ സർവീസുകൾ ഇന്ത്യൻ റെയിൽവേ പ്രഖ്യാപിച്ചു. വ്യാപകമായ വിമാന സർവീസ് റദ്ദാക്കലും, ശൈത്യകാലത്തെ അധിക തിരക്കും കണക്കിലെടുത്താണ് നടപടി.

**************************

## ELECTION KERALA

കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന ഏഴു ജില്ലകളിൽ പരസ്യ പ്രചാരണം ഇന്ന് വൈകിട്ട് അവസാനിക്കും. തിരുവനന്തപുരം മുതൽ

എറണാകുളം വരെയുള്ള ജില്ലകളിലാണ് ആദ്യഘട്ട വോട്ടെടുപ്പ്. രണ്ടാം ഘട്ടം ഈ മാസം 11 നും വോട്ടെണ്ണൽ 13 നും നടക്കും.

*************************

## ARMY FORCE FLAG DAY

ഇന്ന് സായുധ സേന പതാക ദിനം. രാഷ്ട്രത്തിന് വേണ്ടി ജീവൻ ത്യജിച്ച ധീരരക്തസാക്ഷികളോടുള്ള ആദരസൂചകമായാണ് എല്ലാ വർഷവും ഡിസംബർ 7 സായുധ സേന പതാക ദിനമായി ആചരിക്കുന്നത്. ജീവിതത്തിന്റെ സുവർണകാലഘട്ടം രാജ്യസുരക്ഷയ്ക്കായി സമർപ്പിച്ച സായുധസേനാംഗങ്ങളുടെ വിലപ്പെട്ട സേവനം കൃതജ്ഞതയോടെ സ്മരിക്കുന്നതായി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സന്ദേശത്തിൽ പറഞ്ഞു. ധീരജവാന്മാരുടെ രാഷ്ട്രസേവനത്തെക്കുറിച്ചും വിമുക്തഭടന്മാരെയും ആശ്രിതരെയും കുറിച്ചും ചിന്തിക്കാൻ സായുധ സേനാ പതാക ദിനം അവസരമൊരുക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പതാക ദിന നിധി വിജയിപ്പിക്കണമെന്ന് ഗവർണറും മുഖ്യമന്ത്രിയും അഭ്യർത്ഥിച്ചു.

*************************

## MORN. INDIA-US-LET-JeM

അതിർത്തി കടന്നുള്ളത് ഉൾപ്പെടെ എല്ലാ ഭീകര പ്രവർത്തനങ്ങളെയും ശക്തമായി അപലപിച്ച് ഇന്ത്യയും അമേരിക്കയും. ഐക്യരാഷ്ട്രസഭ, ക്വാഡ്, ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് എന്നിവയുൾപ്പെടെ ആഗോള തലത്തിൽ ഭീകരതയ്ക്കെതിരെ ഒരുമിച്ച് പ്രവർത്തിക്കാനുള്ള പ്രതിജ്ഞാബദ്ധത ഇരു രാജ്യങ്ങളും ആവർത്തിച്ചു. ഐസിസ്, അൽ-ഖ്വയ്ദ, ലഷ്കർ-ഇ-തൊയ്ബ, ജെയ്ഷ്-ഇ-മുഹമ്മദ് എന്നിവയുമായി ബന്ധമുള്ളവർക്കെതിരെ കൂടുതൽ യുഎൻ ഉപരോധങ്ങൾ ഏർപ്പെടുത്തണമെന്ന് ഇരുപക്ഷവും ആവശ്യപ്പെട്ടു.

**************************

## REV FIRE-GOA NIGHT CLUB

ഗോവയിലെ അർപോറയിലെ ഒരു ക്ലബ്ബിൽ രാത്രിയുണ്ടായ തീപിടുത്തത്തിൽ 23 പേർ മരിച്ചു. അർദ്ധരാത്രിയോടെ സിലിണ്ടർ പൊട്ടിത്തെറിച്ചാണ് തീപിടുത്തമുണ്ടായതെന്ന് സംശയിക്കുന്നു. രക്ഷാപ്രവർത്തനങ്ങൾ നടന്നുവരികയാണ്. മരിച്ചവരിൽ ഭൂരിഭാഗവും ക്ലബ്ബിൽ ജോലി ചെയ്യുന്ന ജീവനക്കാരാണെന്ന് കരുതുന്നതായി പോലീസ് പറഞ്ഞു.

**************************

## ECI- SIR

തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണം രണ്ടാംഘട്ടത്തിന്റെ ഭാഗമായി രാജ്യത്ത് ഇതുവരെ 50 കോടി 93 ലക്ഷത്തിലേറെ എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ. ഇതോടെ ആകെ 99.93 ശതമാനം വോട്ടർമാർക്ക് ഫോം ലഭ്യമാക്കി.

**************************

## SIR MEETING

കേരളത്തിൽ എസ് ഐ ആർ പരിഷ്ക്കരണത്തിന്റെ ഭാഗമായുള്ള എന്യൂമറേഷൻ ഫോം ഈ മാസം 18 വരെ സ്വീകരിക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. കേൽക്കർ. ഇന്നലെ ഉച്ചയ്ക്ക് 2ണിയോടെ ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം രണ്ട് കോടി 68 ലക്ഷത്തി 25,143 ആയി ഉയർന്നു. ഇത് മൊത്തം വിതരണം ചെയ്ത ഫോമുകളുടെ 96.32 ശതമാനം ആണ്.

**************************

## KANNUR - COLLECTOR (INTRO)

വോട്ടർ പട്ടികയുടെ തീവ്ര പരിഷകരണം-എസ്.ഐ.ആറിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണെന്ന് ജില്ലാ കളക്ടർ അരുൺ കെ. വിജയൻ ആകാശവാണി വാർത്തയോട് പറഞ്ഞു. ബിഎൽഒമാരുടെ പ്രവർത്തനം പ്രശംസനീയമായിരുന്നുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

(ഹോൾഡ് വോയ്സ്)

**************************

## CRICKET ODI- IND VS SA

ക്രിക്കറ്റിൽ, മൂന്ന് മത്സരങ്ങളുള്ള പരമ്പരയിലെ അവസാന ഏകദിനത്തിൽ ഇന്ത്യ ദക്ഷിണാഫ്രിക്കയെ ഒമ്പത് വിക്കറ്റിന് പരാജയപ്പെടുത്തി. 39.5 ഓവറിൽ 271 റൺസിന്റെ വിജയലക്ഷ്യം ഇന്ത്യ മറികടന്നു. യശസ്വി ജയ്സ്വാൾ 116 റൺസ് നേടി പുറത്താകാതെ നിന്നു, രോഹിത് ശർമ്മയുടെയും വിരാട് കോഹ്ലിയുടെയും അർദ്ധസെഞ്ച്വറികൾ ഇന്ത്യയെ വിജയത്തിലേക്ക് നയിച്ചു. ഈ വിജയത്തോടെ, പരമ്പര 2-1ന് ഇന്ത്യ സ്വന്തമാക്കി.

**************************

## GUJARAT - AMIT SHAH

ഗുജറാത്തിലെ അഹമ്മദാബാദ് മുൻസിപ്പൽ കോർപ്പറേഷനിൽ 1,500 കോടിയിലേറെ വരുന്ന വിവിധ വികസന പ്രവർത്തനങ്ങൾക്ക് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് തുടക്കം കുറിക്കും. ഭവന നിർമ്മാണം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ മേഖലകളിലെ പദ്ധതികളാണിവ. 881 EWS ഭവനങ്ങൾ, മിനി കായിക സമുച്ചയം എന്നിവ ഇവയിൽ ഉൾപ്പെടുന്നു.

**************************

## RAJNATH SINGH-LEH

ലഡാക്കിലെ ലേ ജില്ലയിലെ ഷയോക്കിൽ നിരവധി അടിസ്ഥാന സൗകര്യ, ഗതാഗത പദ്ധതികൾ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഇന്ന് ഉദ്ഘാടനം ചെയ്യും. റോഡുകൾ, പാലങ്ങൾ, തുരങ്കങ്ങൾ തുടങ്ങിയ പദ്ധതികൾ ജമ്മു കശ്മീരിലെയും ലഡാക്കിലെയും വിദൂര ഗ്രാമങ്ങളിലെ ഗതാഗതം മെച്ചപ്പെടുത്തും. തന്ത്രപരമായി പ്രധാനപ്പെട്ട ഷയോക്ക് തുരങ്കവും, ബോർഡർ റോഡ്സ് ഓർഗനൈസേഷൻ നിർമ്മിച്ച നിരവധി പദ്ധതികളും ശ്രീ. രാജ്നാഥ്സിങ് ഉദ്ഘാടനംചെയ്യും.

**************************

## JAISHANKAR-UNESCO

ലോകത്തിലെ അദൃശ്യമായ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നത് ലക്ഷ്യമിട്ടുള്ള യുനെസ്കോയുടെ 20 ആമത് ഇന്റർ ഗവണ്മെന്റൽ സമിതി സമ്മേളനത്തിന് നാളെ ചുവപ്പ്കോട്ടയിൽ തുടക്കം. ഈ മാസം 13 വരെ നീണ്ടു നിൽക്കുന്നതാണ് പരിപാടി. വിദേശകാര്യമന്ത്രി എസ്. ജയശങ്കർ ഉദ്ഘാടന സമ്മേളനത്തിൽ മുഖ്യ അതിഥിയാകും. കേന്ദ്രമന്ത്രി ഗജേന്ദ്രസിംഗ് ശെഖാവത്ത് മാധ്യമങ്ങളെ അറിയിച്ചതാണ് ഇക്കാര്യം. ഇതാദ്യമായാണ് ഇന്ത്യ യുനെസ്കോ പാനലിന്റെ യോഗത്തിനു ആതിഥേയത്വം വഹിക്കുന്നത്.

**************************

## BSF-PAK DRONES

പഞ്ചാബ് അതിർത്തിയിൽ നടത്തിയ ഓപ്പറേഷനുകളിലൂടെ ബിഎസ്എഫ് മൂന്ന് പാകിസ്ഥാൻ ഡ്രോണുകൾ നിർവീര്യമാക്കി. രണ്ട് പാക്കറ്റ് ഹെറോയിൻ കണ്ടെടുത്തതായും ബിഎസ്എഫ് പഞ്ചാബ് ഫ്രോണ്ടിയർ വാർത്താക്കുറിപ്പിൽ അറിയിച്ചു. മറ്റൊരു ഓപ്പറേഷനിൽ, ഫിറോസ്പൂരിലെ ശങ്കത്ര ഗ്രാമത്തിനടുത്തുള്ള കൃഷിയിടത്തിൽനിന്ന് ഒരു കിലോഗ്രാം ഹെറോയിൻ കണ്ടെത്തി.

**************************

# IFFK

വിഖ്യാത ഇറാനിയൻ സംവിധായകൻ മുഹമ്മദ് റസൂലോഫ് 30-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയിലെ മൽസരവിഭാഗത്തിന്റെ ജൂറി ചെയർപേഴ്സൺ ആയി പ്രവർത്തിക്കും. കഴിഞ്ഞ വർഷത്തെ കാൻ ചലച്ചിത്രമേളയിൽ നാല് പുരസ്കാരങ്ങൾ നേടിയ 'ദ സീഡ് ഓഫ് ദ സേക്രഡ് ഫിഗ്' ഉൾപ്പെടെ നാലു ചിത്രങ്ങളിലൂടെ എട്ട് പുരസ്കാരങ്ങൾ കാൻ മേളയിൽനിന്ന് തന്നെ നേടിയ അപൂർവം സംവിധായകരിലൊരാളാണ് റസൂലോഫ്.

**************************

# KOLLAM - BOAT - FIRE

കൊല്ലം കുരീപ്പുഴയിൽ മത്സ്യബന്ധന ബോട്ടുകൾക്ക് തീ പിടിച്ചു. പത്ത് ബോട്ടുകൾ കത്തിനശിച്ചു. ആളപായമോ പരിക്കുകളോ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. തീ കെടുത്താൻ ശ്രമം പുരോഗമിക്കുകയാണ്. വിഷയത്തിൽ സമഗ്ര അന്വേഷണം നടത്തുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

*

************

************************************